LIBRARY ARCHIVES Kerala Legislative Assembly

മർക്കസ്സ് ജംഗ്ഷനിൽ ബസ്സ് സ്റ്റോപ്പ് അനുവദിക്കുവാൻ നടപടി

78 [1389] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് റോഡിൽ കാരന്തൂരിനും കുന്ദമംഗലത്തിനും ഇടയ്ക്ക് മർക്കസ്സ് ജംഗ്ഷനിൽ കെ. എസ്. ആർ. ടി. സി. ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്ഥിരം സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഇവിടെ ബസ്സ് സ്റ്റോപ്പ് എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആൻറ് സി) മർക്കസ്സ് ജംഗ്ഷന് രണ്ടു ഫർലാംഗ് അകലെയുള്ള കുന്ദമംഗലം ജംഗ്ഷനിൽ കെ. എസ്. ആർ. ടി. സി.-യുടെ എല്ലാ സർവ്വീസുകൾക്കും ബസ്സ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ മർക്കസ്സ് ജംഗ്ഷനിൽ കെ. എസ്. ആർ. ടി. സി.-യുടെ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. അതിനാൽ മർക്കസ്സ് ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾക്ക് ബസ് സ്റ്റോപ്പ് അനുവദിക്കാൻ നിർവ്വാഹമില്ല.

ജോലിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

79 [1391] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയിൽ നിന്നും വിരമിച്ച കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ, ക്ഷേമനിധി എന്നീ ആനുകൂല്യങ്ങളെല്ലാം ഏത് കാലയളവുവരെ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ജോലിയിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് ഇനിയും പ്രസ്തുത ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(ഡി) ഈ തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ 7/2001 വരെയും ക്ഷേമനിധി 5/2001 വരെയും വിരമിച്ചവർക്കും നൽകിയിട്ടുണ്ട്.

(ബി) ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ 6111 പേർക്കും ക്ഷേമ നിധി 6241 പേർക്കും നൽകാനുണ്ട്.

(സി) 275 കോടി രൂപ.

(ഡി) ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10 ശതമാനം ഒരു പ്രത്യേക ഫണ്ടായി രൂപീകരിച്ച് പെൻഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു.

അധികം വാങ്ങിയ ഫാമിലി പെൻഷൻ ഗഡുക്കളായി തിരികെ പിടിക്കാൻ നടപടി

80 [1392] ശ്രീ. പി. കെ. കെ. ബാവ:

" കുട്ടി അഹമ്മദ് കുട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" സി. മമ്മൂട്ടി:

" ഇസഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞ ജീവനക്കാർ, മരണമടയുമ്പോൾ അവരുടെ കുടുംബത്തിന് അനുവദിക്കുന്ന ഫാമിലി പെൻഷൻ കെ. എസ്. ആർ. ടി. സി.-യുടെ ആനുകൂല്യമാണോ എന്നറിയിക്കാമോ;

(ബി) അനുവദിച്ചു കൊടുത്ത ഫാമിലി പെൻഷൻ കുറവ് വരുത്തേണ്ട സമയത്ത് ബന്ധപ്പെട്ട സെക്ഷനിലെ ഉത്തരവാദിത്വപ്പെട്ടവർ നടപടി നടത്താതെയിരുന്നതുകൊണ്ട് വാങ്ങിയ തുക ഒന്നായി തിരിച്ചടയ്ക്കണമെന്ന് ഫാമിലി പെൻഷൻകാരെ നിർബന്ധിക്കുന്നത് തടയുമോ;

(സി) കുറഞ്ഞ തുക ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്ക് അധികം പറ്റിയതായി കണക്കാക്കുന്ന തുക തവണകളായി ചെറിയ തുക വീതം പെൻഷനിൽ നിന്നും കുറവ് ചെയ്ത് ഈടാക്കാൻ അനുകൂലമായ ഉത്തരവ് നൽകുമോ;

(ഡി) ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം അടിയന്തിരമായി എടുക്കുന്നതിന് ഗവൺമെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകുമോ?